പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 106.

12.03.2015 ൽ മറുപടിക്ക്

**ഭക്ഷണ വിപണന കേന്ദ്രങ്ങളുടെ ഗ്രേഡിംഗ്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>,, വി.എം.ഉമ്മർ മാസ്റ്റർ<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, പി.ബി. അബ്ദുൾ റസാക് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷണ പാനീയങ്ങളുടെ ഗുണം, അളവ്, വിപണന കേന്ദ്രങ്ങളിലെ സേവന സൗകര്യങ്ങൾ എന്നിവയ്ക്ക് അനുസൃതമായി വില നിരക്ക് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>(ബി) ഭക്ഷണ വിപണന കേന്ദ്രങ്ങളെ ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് അനുവർത്തിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) & (ബി) ഭക്ഷണ വിപണന കേന്ദ്രങ്ങളെ ഗ്രേഡ് ചെയ്യുന്നതിനായോ, വില നിരക്ക് നിയന്ത്രിക്കുന്നതിനായോ നിലവിൽ നിയമം ഒന്നും തന്നെ ഇല്ല. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇതു സംബന്ധിച്ച കരട് ബിൽ തയ്യാറായി വരുന്നു. |
| (സി) വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) 03.01.2014 ലെ സർക്കാർ ഉത്തരവ് (കൈ) നം.02/2014/ടൂറിസം പ്രകാരം വിനോദ സഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള ഗസ്റ്റ് ഹൗസ്, യാത്രീ നിവാസ്, കേരളാ ഹൗസ് എന്നിവിടങ്ങളിൽ പാകംചെയ്ത ഭക്ഷ്യവസ്തുക്കൾക്ക് വില ഏകീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.റ്റി.ടി.സി., ഡി.റ്റി.പി.സി. എന്നീ സ്ഥാപനങ്ങൾ ഫുഡ് സേഫ്റ്റി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ